**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6412** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ മൽസ്യബന്ധന വകുപ്പ് ഭരണാനുമതി നൽകിയതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ഗതാഗത യോഗ്യമാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതുമായ തീരദേശ റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ടെന്ന് വിശദമാക്കുമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് ഭരണാനുമതി നൽകിയതും ഹാർബർ എൻജിനീയറിംഗ് വകുപ്പ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ഗതാഗത യോഗ്യമാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതുമായ തീരദേശ റോഡുകളിൽ മൂന്ന് റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തികളുടെ പേര് ചുവടെ ചേർക്കുന്നു.<br>1. ചിറക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ലെ ചിറക്കരത്താഴം ആലുവിള പോളച്ചിറ റോഡ് – ഭരണാനുമതി തുക 44.10 ലക്ഷം.<br>2. കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ കുന്നത്തൂർ ആയിരവല്ലി പോളച്ചിറ റോഡ് - ഭരണാനുമതി തുക 96.90 ലക്ഷം.<br>3. ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ വരിഞ്ഞം കൈത്തറി മുതൽ അട്ടുത്തല ജംഗ്ഷൻ വരെയുള്ള റോഡ് പ്രവൃത്തി - ഭരണാനുമതി തുക 200 ലക്ഷം. |
| (ബി) | ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ഏതെങ്കിലും റോഡുകളെ സംബന്ധിച്ച് തടസങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും തടസങ്ങൾ നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | രണ്ട് റോഡുകളെ സംബന്ധിച്ച് തടസ്സങ്ങൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ചിറക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 10 ലെ ചിറക്കരത്താഴം ആലുവിള പോളച്ചിറ റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 44.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തിക്ക് 05.10.2020 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും റോഡിന്റെ തുടക്ക ഭാഗത്ത് നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചും റോഡിന്റെ വീതി സംബന്ധിച്ചും തർക്കം നിലനിന്നിരുന്നു. 11 കെ.വി. പോസ്റ്റ് റോഡിന് മറുഭാഗത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം |

| | | | |
|---|---|---|---|
| | | | 19.06.2023 ൽ ആണ് ലഭിച്ചത്. കരാർ കാലാവധിക്കുള്ളിൽ പ്രശ്നം പരിഹരിക്കാൻ സാധിക്കാതെ വന്നതിനാലും റേറ്റ് റിവിഷൻ വന്നത് കൊണ്ടും പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കില്ലെന്ന് കരാറുകാരൻ അറിയിച്ചിരുന്നു. ആയതിനാൽ 10.10.2023 ൽ ക്ലോഷർ കരാർ വെച്ച് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത റോഡ് തന്നെ അടിയന്തരമായി പുനരുദ്ധരിക്കണമെന്ന് ബഹു.എം.എൽ.എ. നിർദ്ദേശിച്ചത് പ്രകാരം പുതുക്കിയ സാങ്കേതികാനുമതി നല്കുന്നതിനും പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കുന്നത്തൂർ ആയിരവല്ലി പോളച്ചിറ റോഡ് നിർമ്മാണ പ്രവൃത്തിയ്ക്കായി 96.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തിയ്ക്ക് 05.10.2020 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും റോഡിന്റെ വീതി സംബന്ധിച്ച് തർക്കം നിലനിന്നിരുന്നു. 24.07.2023 ൽ റോഡിന്റെ വീതി സംബന്ധിച്ച പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും റോഡ് പ്രവൃത്തി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും കത്ത് ലഭിച്ചിരുന്നു. എന്നാൽ കരാർ കാലാവധിയ്ക്കുള്ളിൽ പ്രശ്നം പരിഹരിക്കാൻ സാധിക്കാതെ വന്നതിനാലും റേറ്റ് റിവിഷൻ വന്നത് കൊണ്ടും പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കില്ലെന്ന് കരാറുകാരൻ അറിയിച്ചിരുന്നു. അതിൻപ്രകാരം 31.10.2023 ൽ ക്ലോഷർ കരാർ വെച്ച് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. 12.01.2024 ൽ എം.എൽ.എ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് പുതുക്കിയ സാങ്കേതികാനുമതി നല്കി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ